**മധുരമായ കുട്ടികളേ - ഭക്തരേയും കുട്ടികളേയും കാത്തുസംരക്ഷിക്കുന്ന ഭക്ത വത്സലനാണ് ബാബ, പതിതത്തിൽ നിന്നും പാവനമാക്കി വീട്ടിലേക്ക് കൊണ്ടു പോകുന്നതിന്റെ ഉത്തരവാദിത്വം ബാബയുടേതാണ്, കുട്ടികളുടേതല്ല.**

**ചോദ്യം -** കല്പം കല്പം ബാബയുടെ കടമ എന്താണ്? ഏതൊരു ചിന്തയാണ് ബാബക്ക് മാത്രം ഉള്ളത്?
**ഉത്തരം -** ബാബയുടെ കടമയാണ് കുട്ടികളെ രാജയോഗം അഭ്യസിപ്പിച്ച് പാവനമാക്കി മാറ്റുക, സർവ്വരേയും ദു:ഖത്തിൽ നിന്നും മോചിപ്പിക്കുക. ഞാൻ പോയി എന്റെ കുട്ടികൾക്ക് സുഖം കൊടുക്കും എന്ന ചിന്ത ബാബക്കു മാത്രമാണ് ഉണ്ടാവുക.

**ഗീതം -** മുഖം നോക്കൂ ആത്മാവേ............

**ഓം ശാന്തി**. ഇത് ആരാണ് ചോദിക്കുന്നത്? സർവ്വശക്തിവാനെന്ന് ബാബയെയാണ് പറയുന്നത്. മുക്തിദാതാവ്, വഴികാട്ടി എന്നെല്ലാം ബാബയുടെ മഹിമ പാടാറുണ്ട്. ബാബയാണ് സർവ്വർക്കും സദ്ഗതി നൽകുന്നവൻ. ബാബ സർവ്വരുടേയും ദു:ഖത്തെ ഹരിച്ച് സുഖം നൽകുന്നവനാണ്. പരംധാമത്തിലാണ് ഭഗവാൻ വസിക്കുന്നതെന്ന് അറിയാം. പക്ഷെ അജ്ഞാനത്തിനു വശപ്പെട്ട് സർവ്വവ്യാപി എന്ന് പറയുകയായിരുന്നു. എല്ലാ ഭക്തരും മക്കളാണ് എന്നാൽ അച്ഛൻ ഭഗവാനാണ്. ഇത് തീർച്ചയായും സർവ്വരും മനസ്സിലാക്കണം ദു:ഖത്തെ ഹരിച്ച് സുഖം നൽകുന്നത് ബാബയാണ്. ബാബയെ തന്നെയാണ് ഭക്ത വത്സലൻ എന്ന് പറയുന്നത്. ഈ നാമം ഒരിക്കലും ഏതെങ്കിലും ഗുരു സന്യാസിമാർക്ക് നൽകാൻ സാധിക്കുകയില്ല. ഇപ്പോൾ ഭക്തരും മക്കളും ധാരാളമുണ്ട് അവർക്കു മേൽ ദയ കാണിക്കുന്നതും ഒരു ബാബയാണ്. ബാബ വന്നാണ് മുഴുവൻ ലോകത്തിനും സുഖവും ശാന്തിയും നൽകുന്നത്. മനസ്സിലാക്കി കൊടുക്കുന്നുമുണ്ട് ലക്ഷ്മി നാരായണന്റെ രാജ്യത്തെ വൈകുണ്ഠം അഥവാ സ്വർഗ്ഗം എന്നാണ് പറയുന്നത്. ഈ സമയം കലിയുഗമാണ്, അപ്പോൾ ബാബക്ക് എത്ര ചിന്തയുണ്ടായിരിക്കണം. പരിധിയുള്ള അച്ഛനും ചിന്തയുണ്ടാകുമല്ലോ. ഇത് പരിധിയില്ലാത്ത അച്ഛനാണ്. സർവ്വ ഭക്തരുടേയും മംഗളകാരി ഒരു ബാബയാണ്, ബാബക്ക് തന്നെയാണ് ചിന്ത വരുന്നത് എനിക്ക് പോയി കുട്ടികളെ സുഖം ഉള്ളവരാക്കണം. എപ്പോഴാണോ മനുഷ്യരുടെ ജീവിതത്തിൽ ആപത്തുകൾ വരുന്നത് അപ്പോൾ എല്ലാവരും ഭഗവാനെ ഓർമ്മിക്കാറുണ്ട്, വിളിക്കുന്നുണ്ട് അല്ലയോ പരമപിതാ പരമാത്മാവേ രക്ഷിക്കൂ എന്ന്. ഇപ്പോൾ നിങ്ങളുടെ സന്മുഖത്തിൽ ബാബയാണ് ഇരിക്കുന്നത്. ബാബ പറയുകയാണ് നിങ്ങൾ എല്ലാവരും പതിതമായി എന്ന ചിന്ത എന്താ എനിക്ക് വരില്ലേ. ഞാൻ പോയി എല്ലാവരേയും രാജയോഗം അഭ്യസിപ്പിച്ച് പാവനമാക്കും. ഇതാണ് കല്പകല്പത്തിലെ എന്റെ ഉത്തരവാദിത്വം. ഈ സമയത്ത് എല്ലാവരും എന്നെ വിളിക്കുന്നുണ്ടെങ്കിലും സ്നേഹത്തോടെയൊന്നുമല്ല. ഇപ്പോൾ നിങ്ങൾ മുഴുവൻ ഡ്രാമയേയും മനസ്സിലാക്കിയിരിക്കുന്നു. ബാബ പറയുകയാണ് ഞാൻ നിങ്ങളെ പാവനമാക്കാൻ വന്നിരിക്കുകയാണ്. ഞാൻ പറയുന്ന ഈ കാര്യങ്ങളെ അംഗീകരിച്ചു കൂടെ. സന്യാസിമാരും വികാരങ്ങളെ ഉപേക്ഷിക്കുന്നുണ്ടല്ലോ. അവരുടേത് പരിധിയുള്ള സന്യാസമാണ്. നമ്മുടേത് പരിധിയില്ലാത്ത സന്യാസമാണ്, മുഴുവൻ പഴയ ലോകത്തേയും സന്യസിക്കുകയാണ്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ഇപ്പോൾ നിങ്ങൾ പ്രത്യക്ഷത്തിൽ ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരുമാണ്. ബോർഡും ഉണ്ടല്ലോ. എത്രയധികം കുട്ടികളാണ് ഉള്ളത്, എല്ലാവരും മമ്മ-ബാബ എന്നാണ് വിളിക്കുന്നത്. ഗാന്ധിജിയെയും രാഷ്ട്രപിതാവ് എന്നാണല്ലോ വിളിക്കുന്നത്. അദ്ദേഹവും ഭാരതത്തിന്റെ പിതാവായിരുന്നു, മുഴുവൻ ലോകത്തിന്റേയും അച്ഛനാണെന്ന് പറയില്ലല്ലോ. മുഴുവൻ ലോകത്തിന്റേയും പിതാവ് ഒന്നാണ്. ആ പിതാവാണ് പറയുന്നത് കാമം മഹാശത്രുവാണ്, നിങ്ങൾ അതിനു മേൽ വിജയിക്കൂ. അതിൽ സുഖമൊന്നുമില്ല. പവിത്രരായ ദേവി ദേവതകളുടെ മുന്നിൽ പോയി ശിരസ്സ് നമിക്കാറുണ്ട്. ഒന്നും മനസ്സിലാക്കുന്നില്ല. ബാബ പറയുകയാണ് കുട്ടികളെ, കേവലം ഈ ഒരു ജന്മം പവിത്രമായി ജീവിക്കൂ എങ്കിൽ 21 ജന്മങ്ങളിലേക്ക് ദീർഘായുസ്സുള്ളവരും രോഗങ്ങളില്ലാത്തവരുമാക്കി മാറ്റാം. വളരെ സഹജമാണ്. പക്ഷെ മായ തോൽപ്പിക്കും. 4-6 മാസം പവിത്രമായി ജീവിക്കും പിന്നീടത് ലംഘിക്കുന്നു. നിങ്ങൾക്കറിയാം കല്പം മുമ്പത്തേതു പോലെ ബാബ മനസ്സിലാക്കി തരികയാണ്. കൗരവരേയും പാണ്ഡവരേയും സഹോദരന്മാരായി കാണിക്കാറുണ്ട്. വേറെ ദേശത്തിലേയോ ഗ്രാമത്തിലേയോ അല്ല. പതിത പാവനനായ ബാബ, അവിനാശി ഖണ്ഡമായ ഭാരതത്തിലേക്കാണ് വരുന്നത്. ഇതാണ് ജന്മഭൂമി. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. നിരാകാരനായ പരമാത്മാവിന്റെ ജയന്തിയാണ്, നാമം ശിവനാണ്. ശരീരമില്ല. ബാക്കി ബ്രഹ്മാവിനും വിഷ്ണുവിനും ശങ്കരനും ചിത്രമുണ്ട്. ഉയർന്നതിലും ഉയർന്നത് ഒരു ഭഗവാനാണ്, ബാബ ഇദ്ദേഹത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. പക്ഷെ എങ്ങനെയാണ് വന്നിട്ടുണ്ടാവുക? എപ്പോൾ

വന്നിട്ടുണ്ടാകും? ഇതൊന്നും ആർക്കും അറിയില്ല. ഭാരതത്തിലാണ് ശിവജയന്തി ആഘോഷിക്കാറുള്ളത്. വളരെ വലിയ ക്ഷേത്രങ്ങളും ഇവിടെയാണ് ഉള്ളത്, അവിടെ ശിവലിംഗങ്ങളാണ് വെച്ചിട്ടുള്ളത്. ഇതിൽ നിന്നും മനസ്സിലാക്കണം തീർച്ചയായും ശിവൻ വരുന്നുണ്ട്. ശരീരമില്ലാതെ ഒന്നും നടക്കുകയില്ല. ആത്മാവ് സുഖവും ദു:ഖവും ശരീരത്തിലൂടെയാണ് അനുഭവിക്കാറുള്ളത്. ആത്മാവ് ശരീരത്തിൽ നിന്നും വേർപെട്ടാൽ പിന്നെ ഒന്നും ചെയ്യാൻ കഴിയില്ല. ശിവബാബയും ഇങ്ങോട്ട് വരാനായി എന്തെങ്കിലും ചെയ്തിട്ടുണ്ടാകും. ബാബ പതിത പാവനനാണ് പക്ഷെ എങ്ങനെയാണ് വന്ന് സർവ്വരേയും പാവനമാക്കുന്നത്, ഇത് ആർക്കും അറിയില്ല. ഇപ്പോൾ ബാബ സാധാരണ ശരീരത്തിലേക്ക് പ്രവേശിച്ച് പാർട്ട് അഭിനയിക്കുകയാണ്. ബ്രഹ്മാവിലൂടെ സ്ഥാപന എന്നും മഹിമയുണ്ട്. അപ്പോൾ പതിത ലോകത്തിൽ ബ്രഹ്മാവ് എവിടെ നിന്ന് വന്നു? പരമാത്മാവ് സ്വയം പറയുകയാണ് എനിക്ക് ശരീരമില്ല. ഞാൻ ഇതിലേക്ക് പ്രവേശിക്കുകയാണ് ചെയ്തത്. എന്റെ നാമം ശിവൻ എന്നാണ്. നിങ്ങൾ വന്ന് എന്റേതായി, അപ്പോഴാണ് നിങ്ങളുടെ പേരും മാറിയത്. സന്യാസിമാരുടെ അടുത്ത് പോയി സന്യാസം സ്വീകരിച്ചാൽ അവർ പേര് മാറ്റാറുണ്ടല്ലോ. ഇപ്പോൾ ബാബ സന്മുഖത്ത് വന്നിരിക്കുകയാണ്. അരകല്പമായി നിങ്ങൾ ഏത് ഈശ്വരനെയാണോ ഓർമ്മിച്ചിരുന്നത് മുന്നോട്ട് പോകവെ നിങ്ങൾ മറക്കുകയും ചെയ്യുന്നു. സന്യാസിമാർ സുഖത്തെ അംഗീകരിക്കുന്നില്ല, അവർ സുഖത്തെ ക്ഷണഭംഗുരമാണെന്നാണ് പറയുന്നത്. സ്വർഗ്ഗത്തിന്റെ നാമം പ്രശസ്ഥമാണല്ലോ. ആരെങ്കിലും മരിച്ചാലും സ്വർഗ്ഗത്തിലേക്ക് പോയി എന്നാണല്ലോ പറയാറുള്ളത്. പുതിയ ലോകത്തെ സുഖധാമം എന്നും പഴയ ലോകത്തെ ദു:ഖധാമം എന്നുമാണ് പറയാറുള്ളത്. ബാബ ഇത്ര നല്ല രീതിയിൽ മനസ്സിലാക്കി തരുന്നുണ്ടെങ്കിൽ എന്തു കൊണ്ട് ബാബയുടെ നിർദ്ദേശത്തിലൂടെ നടന്നുകൂടാ. സർവ്വർക്കും മുക്തി ജീവന്മുക്തി നൽകാനാണ് ബാബ വന്നിരിക്കുന്നത്. അച്ഛന്റെ പാർട്ടാണ് മക്കൾക്ക് സമ്പത്ത് നൽകുക എന്നത്. നിരാകാരനായ രചയിതാവായ ബാബയിൽ നിന്നും സമ്പത്ത് എങ്ങനെയാണ് ലഭിക്കുന്നത്, ഇതും നിങ്ങൾക്ക് അറിയാം. നിങ്ങൾക്ക് എന്റെ പരിചയം എവിടെ നിന്ന് ലഭിച്ചു? ഭഗവാനുവാചാ. ഞാൻ കൃഷ്ണനാണോ. ഞാൻ ബ്രഹ്മാവാണോ. അല്ല ഞാൻ സർവ്വരുടേയും നിരാകാരനായ അച്ഛനാണ്. ഇത് വേറെയാർക്കും പറയാൻ കഴിയില്ല. കേവലം സ്വയത്തെ ശിവോഹം എന്ന് പറയുന്നുണ്ട് പക്ഷെ ഞാൻ സർവ്വ ആത്മാക്കൾക്കും അച്ഛനാണ് എന്ന് ആർക്കും പറയാൻ കഴിയില്ല. അവർ സ്വയത്തെ ഗുരു എന്നാണ് പറയുന്നത്. അവിടെ അച്ഛനെ ലഭിച്ചിരുന്നില്ല, ടീച്ചറിനെ ലഭിച്ചിരുന്നില്ല, പെട്ടെന്ന് തന്നെ ഗുരുവിനെയാണ് ലഭിച്ചത്. ഇവിടെ നിയമപ്രകാരമുള്ള ജ്ഞാനമാണ്. ഇവിടെ നിങ്ങൾക്ക് അച്ഛനും ടീച്ചറും ഗുരുവും ഞാനാണ്. അത്ഭുതപ്പെടണം – മുഴുവൻ പതിത ലോകത്തേയും എങ്ങനെയായിരിക്കും പാവനമാക്കി മാറ്റിയത്. 21 ജന്മങ്ങളിലേക്ക് സമ്പത്ത് നൽകുന്ന ബാബയുടെ നിർദേശത്തിലൂടെ ഓരോ ചുവടും വെക്കണം. മായ സൂത്രശാലിയാണ്. ബാബാ ബാബാ എന്ന് പറയും, പഠിക്കുന്നുമുണ്ട്, എന്നിട്ടും മായക്ക് വശപ്പെട്ട് ബാബയോട് വിട പറഞ്ഞ് പോകുന്നുണ്ട് അതുകൊണ്ടാണ് പറയുന്നത് ജാഗ്രതയോടെ കഴിയണം. അച്ഛനോട് കുട്ടികൾ വിട ചോദിച്ചാൽ പറയുമല്ലോ – ഞാൻ നിന്നെ വളർത്തി എന്നിട്ട് എന്നെ ഉപേക്ഷിച്ചു അല്ലേ. ഇവിടെയാണെങ്കിൽ മറ്റുള്ളവരുടെ സേവനം ചെയ്യണം, മറ്റുള്ളവരെ തനിക്കു സമാനമാക്കണം. എന്നെ ഇതിൽ സഹായിക്കില്ലേ? എന്നോട് വിട പറഞ്ഞ് പലരും എന്റെ പേരിനെ മോശമാക്കുന്നുണ്ട്. എത്ര ബുദ്ധിമുട്ടാണ്. അബലകൾക്കു മേൽ എത്ര അത്യാചാരമാണ് നടക്കുന്നത്. ജ്ഞാന യജ്ഞത്തിൽ വിഘ്നം ഉണ്ടാകുന്നുണ്ട്. മായ എത്ര കൊടുങ്കാറ്റാണ് കൊണ്ടു വരുന്നത്. ഭക്തി മാർഗ്ഗത്തിൽ ഇത് ഉണ്ടാകില്ല.

ബാബ പറയുകയാണ് – വിവേകശാലി കുട്ടികളേ, നിങ്ങൾ എന്റെ നിർദേശത്തിലൂടെ നടക്കണം. തന്റെ മനസ്സാകുന്ന കണ്ണാടിയിൽ നോക്കണം ഞാൻ ഏതെങ്കിലും വികർമ്മം ചെയ്തില്ലല്ലോ. ബാബയുടേതായി കുറച്ചെങ്കിലും പാപം ചെയ്താൽ 100 മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടി വരും. വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുകയാണ്. നോക്കണം ഞാൻ സമ്പാദ്യം ഉണ്ടാക്കുകയാണോ അതോ സമ്പാദിക്കുന്നില്ലേ. മായയുടെ ഭൂതങ്ങളെ ഓടിക്കണം. ഇങ്ങനെയുള്ള അവസ്ഥ ഉണ്ടാകണം അപ്പോഴേ ബാബയുടെ ഹൃദയത്തിൽ സ്ഥാനം ലഭിക്കൂ, അപ്പോൾ രാജ്യസിംഹാസനത്തിലും ഇരിക്കാം. നമ്മുടെ സിംഹാസനം എന്തായിരിക്കുമെന്നും മനസ്സിലാകും. ശിവബാബയുടെ ക്ഷേത്രം നിങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെ കൊട്ടാരം എത്ര സുന്ദരവും ഉയർന്നതുമായിരിക്കും. ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരി ആക്കുകയാണ്, നിങ്ങളുടെ പക്കൽ അളവറ്റ ധനമുണ്ടായിരുന്നു. പിന്നീട് നിങ്ങൾ എനിക്ക് ക്ഷേത്രം നിർമ്മിച്ചതാണ്. മുഴുവൻ ധനവും ക്ഷേത്രം നിർമ്മിക്കാൻ മാത്രം ഉപയോഗിക്കുകയില്ലല്ലോ. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, അവിടെ വിശ്വ മഹാരാജാവിനെ ധനത്തിന്റെ ദാതാവ് എന്നാണ് പറയുക, അവർ ഭക്തി മാർഗ്ഗത്തിൽ എത്ര വലിയ ക്ഷേത്രമാണ് നിർമ്മിച്ചത്. നിങ്ങളും നിർമ്മിക്കുന്നുണ്ട്. അവിടെ ദ്വാപരയുഗത്തിൽ എല്ലാ രാജാക്കന്മാരുടെ അടുത്തും ക്ഷേത്രങ്ങൾ ഉണ്ടാകും. ആദ്യമാദ്യം ശിവ ക്ഷേത്രങ്ങളാണ് ഉണ്ടാവുക പിന്നെ ദേവതകളുടെ ഉണ്ടാക്കി. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് എത്ര സത്യമായ വാർത്തകളാണ് കേൾപ്പിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ഈ പഠിപ്പിലൂടെ വളരെ സന്തോഷം ഉണ്ടായിരി

ക്കണം. നിങ്ങൾ കുട്ടികൾക്ക് അറിയാം പുരുഷാർത്ഥത്തിലൂടെ നമ്മൾ ആരായി തീരും, പിന്നെ എന്തുകൊണ്ടാണ് ശ്രീമതം പാലിക്കാത്തത്. നിങ്ങൾ എന്തുകൊണ്ടാണ് മറക്കുന്നത്. ഇത് കഥയാണല്ലോ. വീട്ടിൽ മിത്ര സംബന്ധികൾ കഥകൾ കേൾപ്പിക്കാറുണ്ടല്ലോ. ബാബയും നിങ്ങൾക്ക് മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെ കഥ കേൾപ്പിക്കുകയാണ്. നിങ്ങൾ 5000 വർഷങ്ങൾക്ക് മുമ്പ് വിശ്വത്തിന്റെ അധികാരികളായിരുന്നു. ബാബ ദിവസവും ഈ കഥയാണ് കേൾപ്പിക്കുന്നത്. നിങ്ങൾ കുട്ടികൾ അതായി തീരണം. രാജ്യഭാഗ്യം നേടാൻ സ്വയത്തെ യോഗ്യനാക്കണം. ഇതാണ് സത്യനാരായണ കഥ. ഈ കഥ നിങ്ങൾ കേട്ട് മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുക്കണം, അമരന്മാരാക്കി മാറ്റുന്നതിനായി. പിന്നീട് ഭക്തി മാർഗ്ഗത്തിൽ കഥ കേൾപ്പിക്കും. പിന്നെ സത്യത്രേതാ യുഗത്തിൽ ഈ ജ്ഞാനം മറക്കും. ബാബ എത്ര സാധാരണമാണെന്നു നോക്കൂ. പറയുകയാണ് ഞാൻ നിങ്ങൾ കുട്ടികളുടെ സേവകനാണ്. എപ്പോഴാണോ നിങ്ങൾ ദു:ഖിയായത് അപ്പോൾ എന്നെ വിളിച്ചല്ലോ വരൂ വന്ന് ഞങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കൂ എന്ന്. പതിതരെ പാവനമാക്കൂ എന്ന്. മനുഷ്യർ ഇതൊന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് അറിയാം ബാബ നമ്മളെ പതിതത്തിൽ നിന്നും പാവനമാക്കുകയാണ്, അതിനാൽ ബാബയെ മറക്കരുത്. നിങ്ങൾക്ക് ഉയർന്ന സേവനം ചെയ്യണം. ബാബയെ ഓർമ്മിക്കണം അതോടൊപ്പം വീട്ടിലേക്ക് പോകണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ദിവസവും തന്റെ മനസ്സാകുന്ന കണ്ണാടിയിൽ നോക്കണം, ഏതെങ്കിലും വികർമ്മം ചെയ്ത് സ്വയത്തിനോ മറ്റുള്ളവർക്കോ ബുദ്ധിമുട്ട് ഉണ്ടാക്കുന്നില്ലല്ലോ. വിവേകശാലിയായി ബാബയുടെ മതത്തിലൂടെ നടക്കണം, ഭൂതങ്ങളെ ഓടിക്കണം.

2) ബാബ കേൾപ്പിക്കുന്ന സത്യമായ വാർത്ത അഥവാ കഥ കേൾക്കുകയും മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യണം.

### വരദാനം:- സദാ സമയത്തും തന്റെ ഹൃദയത്തിൽ ബാബയുടെ പ്രത്യക്ഷതയുടെ പതാക പാറിക്കുന്ന ദൃഢ സങ്കൽപധാരിയായി ഭവിക്കട്ടെ.

സ്നേഹം കാരണം ഓരോരുത്തരുടെയും മനസ്സിൽ തോന്നും അതായത് ഞങ്ങൾക്ക് ബാബയെ പ്രത്യക്ഷപ്പെടുത്തുക തന്നെ വേണം. അതേപോലെ തന്റെ സങ്കൽപം, വാക്ക്, കർമ്മത്തിലൂടെ പ്രത്യക്ഷതയുടെ കൊടി പാറിക്കൂ, സദാ സന്തോഷത്തിലിരിക്കുന്നതിന്റെ നൃത്തം ചെയ്യൂ, ചിലപ്പോൾ സന്തോഷം, ചിലപ്പോൾ ഉദാസീനത-ഇങ്ങനെയല്ല. അങ്ങനെയുള്ള ദൃഢ സങ്കൽപം അഥവാ വ്രതമെടുക്കൂ, അതായത് ഏത് വരെ ജീവിക്കുന്നുവോ അതുവരെ സന്തോഷത്തോടെയിരിക്കണം. മധുരമായ ബാബ, പ്രിയപ്പെട്ട ബാബ, എന്റെ ബാബാ- ഈ ഗീതം സ്വാഭാവികമായി മുഴങ്ങിക്കൊണ്ടിരിക്കണം എങ്കിൽ പ്രത്യക്ഷതയുടെ പതാക പാറിക്കാം.

### സ്ലോഗൻ:- വിഘ്ന വിനാശകരാകണമെങ്കിൽ സർവ്വ ശക്തികളാലും സമ്പന്നരാകൂ.

*മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ-*

**“പരമാത്മാവ് സുഖദാതാവാണ്, ദു:ഖദാതാവല്ല”.**

ഭാഗ്യം നേടിത്തരുന്നത് ഒരു പരമാത്മാവാണെന്ന് എല്ലാവർക്കും തന്നെ അറിയാം. പഴഞ്ചൊല്ലുമുണ്ട്, ഭാഗ്യം ഉണ്ടാക്കിത്തരുന്നവനേ ഒരല്പം സമീപത്തേക്ക് വരൂ......അപ്പോൾ ഈ മുഴുവൻ മഹിമയും ഒരു പരമാത്മാവിന്റേതാണ്. ഇത്രയും മനസ്സിലായിട്ടും എന്തെങ്കിലും കഷ്ടങ്ങൾ വരുമ്പോൾ ദു:ഖം കാരണം പറയുകയാണ് ഈ സുഖം, ദുഖം, നല്ലത്, ചീത്ത, ഭാഗ്യം എല്ലാം തന്നെ പരമാത്മാവാണ് സൃഷ്ടിച്ചതെന്ന്. പിന്നെ പറയും, ഈശ്വരൻ തന്നതാണ്, അത് മധുരമെന്ന് കരുതി അനുഭവിച്ചോളൂ എന്ന്. ഇത്രയും കൊണ്ട് സ്വയത്തെ സന്തുഷ്ടമാക്കി വെക്കുക, ഇപ്പോൾ പ്രഭുവിലൂടെ ലഭിച്ച ഫലവും അവരെ മധുരതയോടെയിരിക്കാൻ വിടുന്നില്ല. പക്ഷെ മനുഷ്യർക്ക് ഇത്രപോലും ബുദ്ധിയില്ല, നമ്മൾ പരമാത്മാവിനെ എന്തിനാണ്

ഇങ്ങനെ ആക്ഷേപിക്കുന്നതെന്ന്. ഈ ദോഷം സ്വയം മനുഷ്യന്റേതാണ്, മനുഷ്യൻ എന്ത് തന്നെ കർമ്മം ചെയ്താലും അതിന് അനുഭവിക്കേണ്ടി വരും. ഓരോരുത്തരും അവരവരുടെ കർമ്മങ്ങൾക്കനുസരിച്ചാണ് അനുഭവിക്കുക. പിന്നെ അഥവാ ഏതെങ്കിലും ശ്രേഷ്ഠ കർമ്മം ചെയ്തിട്ടുണ്ടെങ്കിൽ സുഖം അനുഭവിക്കുന്നു, ഭ്രഷ്ട കർമ്മം ചെയ്താൽ ദു:ഖിയുമായി മാറുന്നു. ഇപ്പോൾ ആ ഈശ്വരൻ തന്ന ഫലത്തെ പോലും മധുരമുള്ളതാക്കി അനുഭവിക്കുന്നതിന് വേണ്ടി മനുഷ്യന് ആദ്യം വിവേകം വേണം , അതിനാൽ പരമാത്മാവ് വന്ന് സ്വയം ജ്ഞാനവും യോഗവും പഠിപ്പിക്കുന്നു. ഇപ്പോൾ ഇതും നിയമമാണ്, ആരാര് മായയുടെ കൂട്ട് വിട്ട് പരമാത്മാവിനെ കൂട്ടുപിടിച്ചുവോ മായ പിന്നെ അവരുടെ പുറകിൽ നിന്ന് വിടുകയില്ല, വളരെ വിഘ്നങ്ങളിടുന്നു. ഇപ്പോൾ പരമാത്മാവിലൂടെ ലഭിക്കുന്ന ഫലം ആര് അല്പം സഹിക്കുന്നുവോ ആ അനുഭവം മധുരമായി അനുഭവപ്പെടുന്നു. അവ നമുക്ക് ലൈറ്റും മൈറ്റും പ്രദാനം ചെയ്യുന്നു. ഇപ്പോൾ പരമാത്മാവ് പറയുകയാണ്, കുട്ടികളേ നിങ്ങളുടെ കെട്ടുപോയ ഭാഗ്യം ഞാൻ നേരെയാക്കിത്തരുന്നു, അതിനാൽ ഞാൻ ഭാഗ്യം ഉണ്ടാക്കിത്തരുന്നവനാണ്. ബാക്കി ആരെല്ലാം സ്വയം സ്വയത്തെ വിസ്മരിക്കുന്നുവോ അവർ തന്റെ ഭാഗ്യത്തെ സ്വയമേവ കെടുത്തുകയാണ്, പക്ഷെ ആര് എന്നെ ലഭിക്കുന്നതിന് വേണ്ടി പ്രയാസം അനുഭവിക്കുന്നുവോ അതിന്റെ ഉത്തരവാദിത്വം എനിക്കാണ്. അതും അപ്പോഴേ ഉണ്ടാകൂ, പരമാത്മാവേ നിന്റെയും എന്റെയും താല്പര്യം ഒന്നുതന്നെയാണ് എന്ന് പറയുമ്പോൾ മാത്രം. ലോകത്തുള്ളവർ എന്ത് തന്നെ പറഞ്ഞാലും അവർക്ക് പൂർണ്ണ നിശ്ചയമുണ്ടായിരിക്കും ഞങ്ങളെ പഠിപ്പിക്കുന്നത് സ്വയം പരമാത്മാവാണ് , ഞങ്ങൾ പരമാത്മാവുമായി വ്യാപാരം ചെയ്തിട്ടുണ്ട്, ഇപ്പോൾ ഞങ്ങൾ എന്തിന് വേവലാതിപ്പെടണം. അതുകൊണ്ടാണ് പറയാറുള്ളത് വേവലാതി ഉണ്ടായിരുന്നു പരബ്രഹ്മത്തെ ലഭിക്കുന്നതിനായി, ഇപ്പോൾ അത് കിട്ടിക്കഴിഞ്ഞു....... ഇപ്പോൾ പരമാത്മാവ് പറയുന്നു ആര് എന്നിൽ നിന്ന് മാത്രം കേൾക്കുന്നുവോ, എന്നെ മാത്രം നോക്കുന്നുവോ, അങ്ങിനെയുള്ള ഏണിയിൽ കാൽ വെച്ചുവോ അവരെ മായയുടെ തിരമാലകൾ ഇളക്കും, പക്ഷെ ആർക്ക് പൂർണ്ണ നിശ്ചയം വന്നുവോ അവർ പ്രഭുവിന്റെ കൈ ഒരിക്കലും ഉപേക്ഷിക്കുകയില്ല. അല്ലാതെ മായയുടെ ചെറുതായ ഇളക്കത്തിൽ പെട്ട് ഭാഗ്യത്തിന് മേൽ കുറുകെ വരക്കുകയല്ല വേണ്ടത്. ഭാഗ്യത്തെ മോശമാക്കുകയും നന്നാക്കുകയും ചെയ്യുക–ഇത് മനുഷ്യന്റെ കരങ്ങളിലാണ്. ഓം ശാന്തി.